**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2056** **12-09-2023 - ൽ മറുപടിയ്ക്ക്**

**മിൽമയുടെ പാൽ ശേഖരണവും സംഭരണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | മിൽമയുടെ ഒരു ദിവസത്തെ ശരാശരി പാൽ ശേഖരണം, സംഭരണം എന്നിവ എത്രയാണ്; ഇത് സംസ്ഥാനത്തിന്റെ ആവശ്യങ്ങൾക്ക് പര്യാപ്തമാണോയെന്ന് അറിയിക്കാമോ; | (എ) | നിലവിൽ പ്രതിദിനം ശരാശരി 14.50 ലക്ഷം ലിറ്റർ പാലാണ് മിൽമ സംഭരിക്കുന്നത്. പ്രതിദിന വില്പന ശരാശരി 17 ലക്ഷം ലിറ്റർ വരെയാണ്. വില്പനയും സംഭരണവും തമ്മിൽ ഏകദേശം 2.50 ലക്ഷം ലിറ്റർ പാലിന്റെ കുറവുണ്ട്. ഇത്തരത്തിൽ വിപണി നിലനിർത്തുന്നതിന് ആവശ്യമായ പാൽ തികയാതെ വരുന്ന സാഹചര്യങ്ങളിൽ അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കാറുണ്ട്. ഓണം, വിഷു തുടങ്ങിയ ഉത്സവ സീസണുകളിലാണ് കൂടുതലും അയൽ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്നത്. |
| (ബി) | സംസ്ഥാനത്തിന് ആവശ്യമായ പാൽ ലഭ്യമാക്കാൻ ഏതെല്ലാം സംസ്ഥാനങ്ങളുമായാണ് കരാറിലേർപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | നേരത്തേ കർണാടകയിൽ നിന്ന് പാൽ വാങ്ങിയിരുന്നെങ്കിലും ക്ഷാമം ഉണ്ടെന്നു ചൂണ്ടിക്കാട്ടി പാൽ നൽകുന്നത് കർണാടക ഈയിടെ അവസാനിപ്പിച്ചിരുന്നു. ഇപ്പോൾ ആന്ധ്രയേയും, മഹാരാഷ്ട്രയെയുമാണ് ആശ്രയിക്കുന്നത്. |
| (സി) | ഇതരസംസ്ഥാനങ്ങളിൽ നിന്നും എത്തിക്കുന്ന പാലിന്റെ ഗുണമേൻമ പരിശോധിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (സി) | സംസ്ഥാന അതിർത്തിയിലുള്ള 3 ചെക്ക്പോസ്റ്റുകളായ മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നിവയിലൂടെ ഇതര സംസ്ഥാനത്തുനിന്നും വരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു. ഈ മൂന്ന് സ്ഥിരം ചെക്ക്പോസ്റ്റുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന പാൽ പരിശോധനാ സംവിധാനം 3 ഷിഫ്റ്റുകളിലായി മുഴുവൻ സമയവും പ്രവർത്തിക്കുന്നതരത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. കൂടാതെ ജില്ലാ ആസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ലാബുകളിലും സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലും ഇതര സംസ്ഥാനത്തിൽ നിന്നും സംസ്ഥാനത്തിനുള്ളിൽ എത്തുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കാൻ നിലവിൽ സംവിധാനങ്ങൾ ഉണ്ട്. |

| | | | |
|---|---|---|---|
| | | | ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെ മാർക്കറ്റുകളിൽ എത്തിച്ച് വിൽപ്പന നടത്തുന്നതുൾപ്പെടെ സംസ്ഥാനത്ത് ലഭ്യമാകുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഭക്ഷ്യ സുരക്ഷാ വകുപ്പ് നിരന്തരമായ പരിശോധനകൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി ശേഖരിയ്ക്കുന്ന പാൽ സാമ്പിളുകൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ലാബുകളിലെത്തിച്ച് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തുന്നു.<br><br>ഇതര സംസ്ഥാനങ്ങളിൽ നിന്നും ചെക്ക് പോസ്റ്റുകൾ വഴി കേരളത്തിലേയ്ക്ക് കടന്ന് വരുന്ന പാൽ, പാലുൽപ്പന്നങ്ങൾ എന്നിവയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് അപ്രതീക്ഷിത പരിശോധനകൾ നടത്തുകയും, ഉത്സവ/ആഘോഷ അവസരങ്ങളിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികളുടെ സഹായത്തോടെ (FSW - Food Safety on Wheels) പ്രത്യേക പരിശോധനകളും നടത്തി വരുന്നു.<br><br>ഉത്സവ കാലങ്ങളിൽ ഭക്ഷ്യസുരക്ഷാ വകുപ്പുമായി ചേർന്ന് ക്ഷീരവികസന വകുപ്പ് പ്രത്യേക പരിശോധനകളും നടത്തി വരുന്നു. |
| (ഡി) | ഓണത്തിനോടനുബന്ധിച്ച് മായം കലർന്ന പാലിന്റെ ലഭ്യത തടയുന്നതിനായി എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്തിനുള്ളിൽ മായം കലർന്ന പാലിന്റെ ലഭ്യത തടയുന്നതിനായി കർശനമായ മുൻകരുതലുകൾ ക്ഷീരവികസന വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. ഓണത്തിനോടനുബന്ധിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പുമായി ചേർന്നു കൊണ്ട് ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥർ സംസ്ഥാന അതിർത്തിയിലുള്ള മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നീ സ്ഥിരം പാൽ പരിശോധന ചെക്ക്പോസ്റ്റിലൂടെ അന്യസംസ്ഥാനത്തുനിന്നും കടന്നുവരുന്ന പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിന് ഉള്ള സംവിധാനങ്ങൾ ഉണ്ട്. മൂന്ന് ഷിഫ്റ്റുകളിലായി മുഴുവൻ സമയവും പ്രവർത്തിക്കുന്ന ഈ സ്ഥിരം ചെക്ക്പോസ്റ്റുകളിൽ പാലിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനാവശ്യമായ എല്ലാ സജ്ജീകരണങ്ങളും ക്രമീകരിച്ചിരിക്കുന്നു. സംസ്ഥാന അതിർത്തി കടന്നുവരുന്ന പാലിൽ ഏതെങ്കിലും തരത്തിലുള്ള മായം കണ്ടെത്തുന്നപക്ഷം നിയമപരമായുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി ഭക്ഷ്യസുരക്ഷാവകുപ്പിനെ അറിയിക്കുകയും ചെയ്യുന്നു. ആയതിനാൽ പ്രൈവറ്റ് ഡയറികളിലും, സഹകരണ മേഖലയിലെ ഡയറികളിലും സംസ്ഥാനത്തിന് പുറത്തുനിന്നും |

| | | | |
|---|---|---|---|
| | | | കൊണ്ടുവരുന്ന പാൽ കർശനമായ ഗുണമേന്മ പരിശോധന നടത്തിയതിനുശേഷം മാത്രമേ സംസ്ഥാനത്തിനുള്ളിൽ വിപണനം നടത്തുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ